# 07 അഗ്നിമീളേ പുരോഹിതം

*ഫാ. കുറിയാക്കോസ് പി. തോമസ്*

***"അഗ്നിമീളേ പുരോഹിതം" എന്നാണ് ഋഗ്വേദം ആരംഭിക്കുന്നത്. 'അഗ്നിയുമായി മുമ്പിൽ സഞ്ചരിക്കുന്നവർ എന്നർത്ഥം. ഇതൊരു ഭാരിച്ച ഉത്തരവാദിത്തമാണ്. കാരണം ദീർഘകാലാടിസ്ഥാനത്തിൽ അഗ്നി വൈദീകക്രിയകൾക്കുള്ളതാണെങ്കിൽ അത് അണയാതെയും അശുദ്ധമാകാതെയും സൂക്ഷിക്കണം. പിന്നീടുള്ളവർക്ക് ദീപമാകണം.***

വന്ദ്യനായ ഇഞ്ചക്കാട്ട് വല്യച്ചനെപ്പോലെയുള്ള പൂർവ്വഗാമികളെ ഓർക്കുമ്പോഴെല്ലാം ശക്തമായ ആത്മവിമർശനമാണ് ഉള്ളിലുണ്ടാകുന്നത്. ഓരോ പുരോഹിതനും മറ്റൊരു ക്രിസ്തുവാണ് (Another Christ) എന്നുള്ള ബോധ്യം അവരിൽ നിന്ന് കിട്ടിയതുകൊണ്ടാകാം ആ വഴികളിലേക്ക് എനിക്കും പ്രവേശിക്കാൻ സാധിച്ചത്. എന്നാൽ ഇന്ന് സമൂഹത്തിന് നൽകുന്ന പൗരോഹിത്യ സന്ദേശങ്ങൾ അതിൽനിന്ന് എത്രയോ ദൂരം അകന്ന്പോയി എന്നുള്ളത് തുറന്ന്പറയാതിരിക്കാൻ സാധിക്കുന്നില്ല. വ്യക്തിപരമായി ഇഞ്ചക്കാട്ട് അച്ചനാണ് എന്റെ ആദ്യ ആത്മീയപിതാവ്. എന്റെ മാതൃ ദേവാലയമായ വിശുദ്ധനായ ഗീവറുഗീസ് സഹദായുടെ അനുഗ്രഹീത മധ്യസ്ഥത നിറഞ്ഞ പുതുപ്പള്ളി പള്ളിയിൽ മാമോദിസാ ഏറ്റത് അച്ചന്റെ കൈകളിൽ നിന്നാണ്. കൂടാതെ തോമസ് എന്ന പേര് ഇടാനിരുന്നിടത്ത് കുറിയാക്കോസ്

എന്ന് മാമോദീസാ പേര് ഇട്ടതും അച്ചൻതന്നെ. കുഴിമറ്റത്തും പുതുപ്പള്ളിയിലുമുണ്ടായിരുന്ന അച്ചന്റെ അജപാലകശുശ്രൂഷയിലൂടെ കുടുംബത്തോട് ഉണ്ടായിരുന്ന സ്നേഹവും, വാത്സല്യവും എനിക്കും ലഭിച്ചു. ഒരു വല്യപ്പച്ചന്റെ മടിയിലിരിക്കുന്ന കൊച്ചുമോന്റെ അനുഭവമാണ് എപ്പോഴും അച്ചന്റെ സാന്നിധ്യംവഴി എനിക്ക് ലഭിച്ചത്. സെമിനാരി പ്രവേശനത്തിലും ശെമ്മാശനായപ്പോഴും കശ്ശീശയായപ്പോഴും അച്ചന്റെ ഉപദേശങ്ങളും നിർദേശങ്ങളും ഉള്ളിലൊരു തീക്കനലായി നിലകൊള്ളുന്നു. ഒപ്പം നമ്മളോട് തമാശകളും, സഭാചരിത്രസംഭവങ്ങളും, പിതാക്കന്മാരുടെ ജീവിതവും എത്രസമയം വേണമെങ്കിലും സംസാരിക്കുന്നതിൽ അച്ചന് വലിയസന്തോഷമായിരുന്നു. പാമ്പാടിദയറായിൽ വച്ച് അച്ചനെ കണ്ട് ദീർഘനേരം സംസാരിച്ച് ഒരു ഉപദേശവും തന്നാണ് അവസാനം പിരിഞ്ഞത്. പിന്നീട് പോയി കാണാൻ സാധിക്കാത്തതിൽ അതിയായ ദുഖമുണ്ട്. ഈ പിതാക്കന്മാരുടെ വേർപാടിൽ മനസിലുണ്ടാവുന്ന വേദനയുടെ നീറ്റൽ ഇന്നുമുണ്ട്. അവരുടെ സാന്നിധ്യം, ശബ്ദം, ശ്രദ്ധ ഇതിന്റെയൊക്കെ ശൂന്യത വലിയൊരു അളവ്വരെ ഇന്ന് പുരോഹിതർക്കും സഭക്കും മുഴുവനും നഷ്ടം തന്നെയാണ്. നാം ആരോട് ചോദിക്കും, എവിടെനിന്നാണ് ഉത്തരം, ഏതാണ് ശരി, ഇതിനെല്ലാം അവർ പരിഹാരമായിരുന്നു. ഈയൊരു ആത്മസംഘർഷത്തിൽ നിന്ന് ഉരുതിരിഞ്ഞ ചില പുരോഹിത വിചാരങ്ങളെ ഇവിടെ കുറിക്കട്ടെ.

"അഗ്നിമീളേ പുരോഹിതം" എന്നാണ് ഋഗ്വേദം ആരംഭിക്കുന്നത്. 'അഗ്നിയുമായി മുമ്പിൽ സഞ്ചരിക്കുന്നവർ എന്നർത്ഥം. ഇതൊരു ഭാരിച്ച ഉത്തരവാദിത്തമാണ്. കാരണം ദീർഘകാലാടിസ്ഥാനത്തിൽ അഗ്നി വൈദീകക്രിയകൾക്കുള്ളതാണെങ്കിൽ അത് അണയാതെയും അശുദ്ധമാകാതെയും സൂക്ഷിക്കണം. പിന്നീടുള്ളവർക്ക് ദീപമാകണം. അപ്പോൾ സാറാഫുകളിൽ ഒരുവൻ യാഗപീഠത്തിൽനിന്ന് കൊട്ടിലുകൊണ്ട് ഒരു തീക്കനൽ എടുത്ത് കൈയ്യിൽ പിടിച്ചുകൊണ്ട് എന്റെ അടുക്കൽ പറന്നു വന്ന് അത് എന്റെ വായ്ക്ക് തൊടുവിച്ചു. ഇതാ ഇത് നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു എന്ന് പറഞ്ഞു. "അനന്തരം ഞാൻ ആരെ അയയ്ക്കുന്നു? ആരു നമുക്ക് വേണ്ടി

പോകും ? എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ" എന്ന് പറഞ്ഞു. ഓരോ പുരോഹിതനും ഓരോ തീക്കനലുമായിട്ടാണ് മുമ്പിൽ നടക്കുന്നത്. ഈ തീക്കനലിന്റെ ചൂട് നഷ്ട പ്പെടാതെ അകലെ എവിടെയോ താൻ എത്തിക്കേണ്ട വലിയപ്രകാശത്തി ലേക്കാണ് ഈ പുരോഹിതൻ യാത്ര ചെയ്യുന്നത്. പിറകെ വലിയൊരു ജന കൂട്ടവും. അങ്ങനെ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ പാലമാകു ന്നവനാണ് ഓരോ വൈദീകനും. 'ഉള്ളിലെ തീ' തീഷണതയോടെ ചുട്പിടി പ്പിക്കുക എന്നതാണ് പുരോഹിതധർമം. "നേരിയതിൽ പൊതിഞ്ഞ തീക്കട്ട യാണ്" തന്റെ കുപ്പായം എന്ന് പരിശുദ്ധ ഗീവറുഗീസ് ദ്വിതിയൻ ബാവാ തന്റെ ആരുമശിഷ്യനായ മാത്യൂസ് ദ്വിതിയൻ ബാവായ്ക്ക് നൽകിയ ഉപ ദേശം രണ്ട് കാര്യങ്ങൾ ഓർമിപ്പിക്കുന്നു. ഒന്ന്, ഇത് ശോഭിപ്പിക്കാനുള്ള അഗ്നി യാണ്. അല്ലെങ്കിൽ നശിപ്പിക്കാനുള്ള അഗ്നിമൂർത്തിയാണ്. വൈദീകരുടെ കുപ്പായം തീയാണ്, സൂക്ഷിച്ച് ഉപയോഗിക്കണം എന്ന് ഗുരുപരമ്പരകളിലെ ഭാഗ്യസ്മരണാർഹനായ ഈവാനിയോസ് തിരുമേനിയുടെയും, അഭിവന്ദ്യ നായ അന്തോണിയോസ് തിരുമേനിയുടെയും ശബ്ദങ്ങൾ നമ്മുടെ ചെവി കളിൽ ഉണ്ട്. മോശയെപ്പോലെയും ഏലിയാവിനെപ്പോലെയും ഹോറേബിലെ അഗ്നിയിൽ ദൈവത്തെ ദർശിച്ച ഉത്തുംഗപ്രകാശസ്തംഭങ്ങളാണ് ഒരോ പുരോഹിതനും. 'വിളി' എന്ന അഗ്നിയിലൂടെ യഥാവിധം, യഥായോഗ്യം കട ന്നുപോകുന്ന ശിഷ്യത്വത്തിന് വച്ചിരിക്കുന്ന ദൈവികനൽവരമാണ് പൗരോ ഹിത്യം. തീക്കനലുകൾക്കടുത്തിരുന്ന് കൈകളിൽ ചൂട് വാങ്ങി, മാറി ഇരി ക്കുന്നവരുടെയും അടുത്തേക്ക് വരാൻ സാധിക്കാത്തവരുടെയും കൈകളിൽ കൊണ്ട്പോയി ചൂട്കൊടുക്കുന്ന ചൂടുള്ള മനുഷ്യരൊക്കെ ഈ ലോകത്ത് നിർവ്വഹിക്കുന്നത് പുരോഹിതകർമ്മം തന്നെ. അഗ്നിയുമായി മുമ്പിൽ നട ക്കുന്നവന്റെ ഉള്ളിലെ കനലുകൾക്ക് പ്രകാശം കിട്ടണമെങ്കിൽ അവൻ കാത്തുസൂക്ഷിക്കേണ്ട ചില അഗ്നിവിചാരങ്ങളുണ്ട്.

**1) ദൈവത്തിന്റെ മേലധികാരം:** ഈശ്വരസാന്നിധ്യമാണ് ഓരോ പുരോഹി തനും ഈ ലോകത്തിൽ പങ്കുവയ്ക്കുന്നത്. ലൗകിക പ്രതിഭാസങ്ങൾ മാറി മാറി അഭിമുഖീകരിക്കുമ്പോഴും കൊടുങ്കാറ്റായി വീശുമ്പോഴും തകരാതെ

തളരാതെ ദൈവസാന്നിധ്യത്തിന്റെ (Presence of God) വെളിച്ചം പകരുക എന്നതാണ് പുരോഹിതധർമ്മം: ദൈവഹിതത്തെക്കാൾ ലൗകീകസന്തോഷങ്ങളിലേക്ക് അമിതമായി വിഹരിക്കുന്ന ജനത്തെ തന്റെ കൂടെ നിർത്തി ദൈവ സ്നേഹത്തെ അറിയുവാൻ സഹായിക്കുന്നവരാണ് ഓരോ പുരോഹിതനും. എന്നാൽ ദൈവബോധ്യങ്ങൾ മനസിലാക്കാതെ ലോകം ചായ്ക്കുന്ന വശങ്ങളിലേയ്ക്ക് ചാഞ്ഞുപോകുന്ന "തീക്കനലുകൾ" സഭയ്ക്ക് ചാരമാകാനേ സാധ്യതയുള്ളൂ. ദൈവവുമായിട്ടുള്ള ബന്ധം നഷ്ടപ്പെടുത്താതെ, പ്രാർത്ഥനയിലൂടെ കാത്തുസൂക്ഷിക്കേണ്ട വിശുദ്ധി എന്ന ഈശ്വര സത്ത ഈ ലോകത്ത് നിലനിർത്തുമ്പോൾ മാത്രമേ ക്രിസ്തീയസഭയ്ക്ക് അതിന്റെ യഥാർത്ഥസാക്ഷ്യം നിർവ്വഹിക്കാൻ സാധിക്കൂ. അമിതമായ ലോക സുഖങ്ങളോടുള്ള (പണം, അധികാരം, ഭക്ഷണം, വാഹനം, പാർപ്പിടം) അത്യാർത്തി നമ്മെ ദൈവസ്നേഹത്തിൽ നിന്ന് അകറ്റികളയുന്നു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം, ഇന്നത്തെ ലോകത്തിലുള്ളതെല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽ നിന്നാകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞ് പോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു. (1.യോഹന്നാൻ 23 15-17)

**2. ജനത്തിന്റെ മേലധികാരം:** ദൈവജനത്തിന്റെ കാവൽക്കാരനാണ് പുരോഹിതൻ. (people of god), ദൈവത്തിന്റെ മനുഷ്യർക്കുവേണ്ടി ജീവിക്കുവാൻ വിളിക്കുമ്പോൾ പുരോഹിതൻ ഒരിക്കലും അവന് സ്വന്തമല്ല. അവൻ മറ്റുള്ളവർക്ക് വേണ്ടിയുള്ളവനാണ്. ക്രിസ്തുവിനെപ്പറ്റി പറയുന്നതുപോലെ A man for others അപരന് ഏതവസ്ഥയിലും സഹയാത്രികനാകുന്ന ആത്മിയസുഹൃത്ത് Spiritual Father, Spiritual Guardian, Spiritual friend എന്നൊക്കെ അതിന് പേര് വിളിക്കാം. ഓരോ പുരോഹിതന്റെയും വേദനയാണ് ഓരോ ആളുകളും. അവരുടെ വിശപ്പും, ദാഹവും, രോഗവും ആവശ്യങ്ങളുമെല്ലാം ഈ ഇടയന്റെ ഉത്തരവാദിത്തമാണ്. ദൈവജനം പലവിധമാണെങ്കിലും അതിൽനിന്ന് ഒളിച്ചോടാൻ ഒരു പുരോഹിതനും സാധിക്കില്ല.

മനുഷ്യരെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാൻ പഠിപ്പിക്കുക, ദൈവത്തിനു വേണ്ടി പ്രയോജനപ്പെടുത്തുക, തിന്മയുടെ ദിശയിൽ നിന്ന് മാറ്റിമാറ്റി വിടുക എന്നുള്ള കർത്തവ്യബോധമാണ് അവനെ ദൈവജനത്തിന്റെ നടുവിൽ നിർത്തുന്നത്. Avilability is the ability of priest കൃത്യമായി എല്ലായിടത്തും എല്ലാവർക്കും Available ആവുക എന്നതാണ് നിയോഗം. "മനുഷ്യൻ" ഓരോ പുരോഹിതന്റെയും നെഞ്ചിലെ പ്രാണനാണ്. മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമാകുവാൻ സ്വന്തപ്രാണനെ വിട്ടുകൊടുക്കുന്ന ക്രിസ്തുവിന്റെ പ്രാണവേദനയിലാണ് ഓരോ പുരോഹിതനും ജീവിക്കുക. ദൈവജനത്തിന്റെ നടുവിൽ നിൽക്കുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള രണ്ട് പ്രലോഭനങ്ങളു ണ്ട്. ഒന്ന് ഒളിച്ചോട്ടമാണ്. കുരിശിന്റെ വഴികളെ അനുഗമിക്കാൻ സാധ്യമാ കാത്തവർ 'കേവലം' അച്ചന്മാർ മാത്രമായി വന്നുപോയി നിൽക്കുന്നു. പത്രോ സിനെപ്പോലെ അകലം ഇട്ട് (ലൂക്കോസ് 22:54) അനുഗമിക്കുന്നു. രണ്ടാമത്തെ പ്രലോഭനത്തിലാണ് ഇന്നത്തെ വൈദീകർ വീണുകൊണ്ടിരിക്കുന്നത്. 'ജന പ്രീയനാകുക' ജനത്തിന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് പണത്തിന്റെയും അധി കാരത്തിന്റെയും പ്രശംസയുടെയും 'കാളകുട്ടികളെ' ഉണ്ടാക്കിക്കൊടുത്ത് കൂട്ടത്തോടെ നാശത്തിലേക്ക് പോവുക. "A Priest Should be a Good celebrant rather than a celebrity" ഓരോ പുരോഹിതനും ദൈവത്തിനുമുമ്പിൽ മനു ഷ്യർക്കുവേണ്ടിയുള്ള സ്തോത്രത്തിന്റെ അർപ്പകനാവുക എന്നതിലുപരി ആവശ്യത്തിലധികം പ്രസിദ്ധനാകുവാനുള്ള പ്രവണത ദൈവജനത്തിന്റെ ദൈവാവബോധങ്ങൾക്ക് ഒരു വിലങ്ങ്തടിയാണ്. കാരണം ത്യാഗത്തിനും സ്തോത്രത്തിനും കരുണയ്ക്കും മുൻപന്തിയിൽ ആയിരിക്കേണ്ടവർ പണ ത്തിനും ആഡംബരത്തിലും Brand Ambassadors ആയിരിക്കുന്നു. ക്രൈസ്ത വസഭയ്ക്ക് ഇന്ന് വന്നിരിക്കുന്ന മൂല്യച്യുതിയ്ക്ക് ഏറ്റവും വലിയ കാരണം 'ലാളിത്യം' എന്ന വിശുദ്ധിയുടെ നേർകാഴ്ചകൾ നഷ്ടപ്പെടുത്തുന്നതാണ്. അവിടെയും ഇവിടെയും ഏതൊക്കെയോ മെഴുകുതിരികൾ ഇപ്പോഴും കത്തി നിൽക്കുന്നു. അവരെ വിശുദ്ധരാക്കുന്നു, കണ്ണാടിക്കൂട്ടിൽ കയറ്റുന്നു, ഘോഷ യാത്രനടത്തുന്നു, ഗംഭീരപെരുന്നാളാഘോഷം, സമൂഹസദ്യ, അവാർഡ് ദാനം, ചാരിറ്റി, ചെലവിനെക്കാൾ വരവ് കൂടുതൽ, വിശുദ്ധർ അങ്ങനെ സഭയ്ക്ക് ലാഭക്കച്ചവടക്കാരാകുന്നു. ഈ കാപട്യങ്ങൾക്കും കൗശലങ്ങൾക്കും

'പുറമെ സൃഷ്ടിച്ചുള്ള ആദ്ധ്യാത്മീകപ്രകടനങ്ങൾ' ആ കാലത്ത് യഹോവ യുടെ വചനം ദുർലഭമാകും, ദർശനം നഷ്ടപ്പെടും. (1 ശമു. 3:1) എത്രയോ ശരിയാണ് ദർശനം (vision) നഷ്ടപ്പെട്ട ദർശകരും വേദപഠിതാക്കളും ഇരുളിൽ തപ്പുകയാണ്. 'Theology is the life of faith, let now theology is become game of intellect.'

**(3) ധർമ്മത്തിന്റെ മേലധികാരം :** Morality എന്ന വാക്ക് പാശ്ചാത്യ രുടെ ഇടയിൽ വരുന്നത് 12-ാം നൂറ്റാണ്ടിനുശേഷമാണ്. 'related to goodness of human nature' എന്നാണ് 'moralitas' എന്ന Latin പദത്തിന്റെ അർത്ഥം. എന്നാൽ Greek philosophy യിൽ 'Ethics' എന്ന പദം Sorates ഉം Plato യും മനുഷ്യന്റെ സ്വഭാവത്തിൽ നിന്നുമുണ്ടാകുന്ന സത്താപരമായ വൈശി ഷ്ട്യത്തെ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ പുരാണങ്ങളിൽ 'ധർമത്തിന്' വലിയ പ്രാധാന്യമുണ്ട്. 'ധർമ്മം നിറവേറ്റുക' എന്നതിൽ തികഞ്ഞ ആദ്ധ്യാത്മീക ജീവിതമാണ് ഭാരതീയ ദർശനം മുമ്പോട്ട് വയ്ക്കുന്നത്. കാരണം മനുഷ്യൻ പ്രപഞ്ചത്തോടും, ബ്രഹ്മാവിനോടും സഹയാത്രികരോ ടുമെല്ലാം കടപ്പെട്ടിരിക്കുന്നവരാണ്. അതുകൊണ്ട് ധർമ്മം ചെയ്താൽ മാത്രമേ മോക്ഷം നേടുകയുള്ളൂ എന്ന് ഹിന്ദുപുരാണത്തിൽ പഠിപ്പിക്കുന്നു. 'നല്ല ശമരിയാക്കാരൻ' എന്ന ധർമ്മത്തിന്റെ ഉത്തുംഗ സ്വഭാവത്തെ ബൈബിളും ചൂണ്ടിക്കാട്ടുന്നു. പരീശനായാലും, പുരോഹിതനായാലും, പ്രവാ ചകനായാലും, വിജാതിയനായാലും ധർമ്മത്തിന്റെ ദണ്ഡ് അവന്റെ തല യുടെ മുകളിൽ നിൽക്കുന്നു. ഭാരതത്തിൽ പുതിയരാജാവിനെ അവരോധി ക്കുന്ന വേളയിൽ പ്രതീകാത്മകമായി ഒരു അനുഷ്ഠാനമുണ്ടായിരുന്നു. പ്രജാ പതി ശിരസിൽ സുവർണകിരീടവും കൈയിൽ രാജദണ്ഡും (ചെങ്കോൽ) പിടിച്ച് സിംഹാസനത്തിൽ ഉപവിഷ്ഠനാകുമ്പോൾ ഇങ്ങനെ പ്രഖ്യാപിക്കും 'അവണ്ഡാസ്മി, ശിക്ഷിക്കാനും രക്ഷിക്കാനും അധികാരമുള്ള തന്നെ ശിക്ഷിക്കാൻ മറ്റാർക്കും അധികാരമില്ലെന്ന് സാരം. ഈ രാജകീയ പ്രസ്താ വനാനന്തരം രാജപുരോഹിതൻ പുതിയ രാജാവിന്റെ ശിരസിലെ കിരീടത്തിന് മുകളിൽ ധർമ്മദണ്ഡ് പിടിച്ചുകൊണ്ട് പറയും 'ധർമ്മണ്ഡാസ്മി' - അല്ലയോ രാജാവേ, രാജാധികാരം കയ്യാളുന്ന അങ്ങയുടെ അധികാരത്തിന്

മുകളിൽ 'ധർമ്മത്തിന്റെ മേലധികാരമുണ്ട്' എന്ന് മറക്കരുത്. ധാർമിക നേതൃത്വം നൽകുന്ന പൗരോഹിത്യത്തിന് മാത്രമേ സഭയ്ക്കും സമൂഹ ത്തിനും പ്രയോജനപ്പെടുകയുള്ളൂ. ധർമ്മം വിട്ടുകളഞ്ഞ ദൈവ പുരുഷ ന്മാരാകട്ടെ, ഏലിപുരോഹിതനാകട്ടെ, ദാവിദ്രാജാവാകട്ടെ യഥാർത്ഥ പശ്ചാ ത്താപം ഇല്ലെങ്കിൽ ദൈവശിഷയ്ക്ക് പാത്രമാകും എന്ന് തിരുവചനം അടയാ ളപ്പെടുത്തുന്നു. മൂല്യങ്ങൾ മറന്ന് അമിതമായി കാട്ടികൂട്ടുന്ന ആചാരങ്ങൾ കേവലം ആചാര്യന്മാർക്ക് ആദായകമാകും എന്നതിനപ്പുറം സമൂഹത്തിന് യാതൊരു നന്മയ്ക്കും കാരണമാവില്ല. മൂല്യബോധത്തിൽ നിന്നുകൊണ്ടുള്ള അനുഷ്ഠാനങ്ങൾ മാത്രമേ ഈ ലോകത്തിന് അനുഗ്രഹത്തിന്റെ പ്രാർത്ഥ നായജ്ഞങ്ങളാവുകയുള്ളൂ എന്ന് തപോധനർ നമ്മെ കാണിച്ച്തന്നു. ധർമ്മ ങ്ങൾ വിട്ടുള്ള കർമ്മങ്ങളൊക്കെ കുറച്ചുകാലം അനുഭൂതികൾ നൽകുവാൻ സാധിച്ചേക്കാം, എന്നാൽ നഷ്ടപ്പെടുത്തുന്നത് നീതിയും സത്യവുമാണ്. മൂല്യബോധത്തിൽ ഉറച്ച്കൊണ്ട് ആത്മാവിനെ ഉണർത്തി എഴുന്നേൽപ്പി ക്കുന്ന ഉണർവ്വുകളായിരിക്കണം പുരോഹിതൻ. ധർമ്മം ചെയ്യാനും ചെയ്യി ക്കാനും പ്രാപ്തിയും വാസനയുമുള്ള ആചാര്യന്മാരാൽ മാത്രമേ ദൈവ സ്നേഹത്തിന്റെയും മനുഷ്യസേവനത്തിന്റെയും സനാത്കമായ ദർശനങ്ങൾ തലമുറകളിലേക്ക് സംക്രമിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് ഓരോ ആചാ ര്യന്മാരും നമ്മെ ഓർപ്പിക്കുന്നു.

എം.കെ. സാനുമാഷ് പറയുന്നതുപോലെ ഓരോ ഗുരുക്കന്മാരും ആചാ ര്യന്മാരും തലമുറകളിൽ ഓർമിക്കപ്പെടുന്നുണ്ടെങ്കിൽ അതിന് ഒരു വശം മാത്ര മല്ല, സങ്കീർണമായ ഒരു ഗോപുരമാണത്. ഒരു വശത്ത്നിന്ന് നോക്കുമ്പോ ഴുള്ള രീതിയല്ല മറ്റ് വശങ്ങളിൽ നിന്ന് നോക്കുമ്പോൾ വിശ്വാസത്തിന്റെ കരു ത്തിലും നിലപാടുകളിലെ സ്ഥിരതയിലും പ്രകടനപരമല്ലാത്ത അനുഷ്ഠാ നങ്ങളിലും നിഷ്കളങ്കമായ ബന്ധങ്ങളിലും ഹൃദയങ്ങളെ തന്റെ ഹൃദയ ത്തോട് ചേർത്ത്വച്ച ഉത്തമനായ ആചാര്യനേകുക പുണ്യം... നാഥാ സ്തോത്രം...

✡✡